# CAREER Updates
# പത്രവൃത്താന്തം

17.09.2023 (ഞായർ)




➪ 2023 സെപ്തംബറിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്ത 13,000 കോടി രൂപയുടെ വായ്പാ പദ്ധതി

✔ പ്രധാനമന്ത്രി വിശ്വകർമ്മ പദ്ധതി

- 18 പരമ്പരാഗത വ്യവസായങ്ങളിലെ കരകൗശല തൊഴിലാളികൾക്ക് അഞ്ച് ശതമാനം പലിശയ്ക്ക് ഈടില്ലാതെ വായ്പ നൽകുന്നതാണ് പ്രധാനമന്ത്രി വിശ്വകർമ്മ പദ്ധതി.
- വിശ്വകർമ്മ പദ്ധതിയുടെ ഗുണഭോക്താക്കളാകുന്നതിനായി ബയോമെട്രിക് അടിസ്ഥാനമാക്കിയുള്ള പി.എം. വിശ്വകർമ്മ പോർട്ടൽ ഉപയോഗിച്ച് പൊതുസേവന കേന്ദ്രങ്ങൾ വഴി സൗജന്യമായി രജിസ്റ്റർ ചെയ്യണം.
- 2023–ലെ സ്വാതന്ത്ര്യദിനത്തിൽ പ്രഖ്യാപിക്കപ്പെട്ടെങ്കിലും 2023 സെപ്തംബർ 17–നാണ് പദ്ധതി ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യപ്പെട്ടത്. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ജന്മദിനമാണ് സെപ്തംബർ 17. വിശ്വകർമ്മ ദിനമായി ആചരിക്കപ്പെടുന്നതും സെപ്തംബർ 17 ആണ്.

➪ 2023 സെപ്തംബർ 17–ന് പ്രധാനമന്ത്രി നരേന്ദ്ര മോദി ഡൽഹിയിലെ ദ്വാരകയിൽ ഉദ്ഘാടനം ചെയ്ത ഇന്ത്യ ഇന്റർനാഷണൽ കൺവെൻഷൻ എക്സ്പോ സെന്റർ അറിയപ്പെടുന്നത്

✔ യശോഭൂമി

➪ ഇന്ത്യയിലെ മികച്ച സാമൂഹ്യ പ്രവർത്തകർക്കായി ആൾ ഇന്ത്യ മുംബൈ മലയാളി അസോസിയേഷൻ മുൻ കേരള മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ പേരിൽ ഏർപ്പെടുത്തിയ പ്രഥമ പുരസ്കാരം 2023 സെപ്തംബറിൽ നേടിയ വ്യക്തി

✔ മേധ പട്കർ

➪ 2023 സെപ്തംബറിൽ ജവഹർലാൽ നെഹ്റു സർവകലാശാലയുടെ പുതിയ ചാൻസലറായി നിയമിതനായത്

✔ കൻവാൽ സിബൽ

➪ യൂണിഫൈഡ് പെയ്മെന്റ് ഇന്റർഫെയ്സ് (യു.പി.ഐ.) വഴി ഓഫ്‌ലൈൻ പണമിടപാടുകൾ നടത്തുന്നതിനായി റിസർവ് ബാങ്ക് ഓഫ് ഇന്ത്യ അവതരിപ്പിച്ച പുതിയ സംവിധാനം

✔ യു.പി.ഐ. ലൈറ്റ് എക്സ്

- ഇന്റർനെറ്റ് ഇല്ലാതെ പണം അയയ്ക്കാനും സ്വീകരിക്കാനും ഉപയോക്താക്കളെ അനുവദിക്കുന്ന സംവിധാനമാണ് യു.പി.ഐ. ലൈറ്റ് എക്സ്.

➪ 2023 സെപ്തംബറിൽ അന്തരിച്ച പ്രശസ്ത മലയാള ഹാസ്യ സാഹിത്യകാരൻ

✔ സി.ആർ. ഓമനക്കുട്ടൻ

➪ 2023 സെപ്തംബറിൽ ഉദ്ഘാടനം ചെയ്യപ്പെട്ട, ഭിന്നശേഷി വിഭാഗത്തിനായി കേരള നോളേജ് മിഷൻ നടപ്പിലാക്കുന്ന തൊഴിൽ പദ്ധതി

✔ സമഗ്ര

➪ 2023 സെപ്തംബറിൽ നടന്ന ഡയമണ്ട് ലീഗിലെ ജാവലിൻ ത്രോയിൽ കിരീടം നേടിയ ചെക്ക് റിപ്പബ്ലിക്കൻ താരം

✔ യാക്കൂബ് വാദ്‌ലെ

- 84.24 മീറ്റർ ദൂരം കണ്ടെത്തിയാണ് യാക്കൂബ് വാദ്‌ലെ ഡയമണ്ട് ലീഗിലെ ജാവലിൻ ത്രോയിൽ കിരീടം നേടിയത്.
- ഇന്ത്യൻ താരം നീരജ് ചോപ്ര 83.30 മീറ്റർ എറിഞ്ഞ് രണ്ടാം സ്ഥാനം കരസ്ഥമാക്കി.

➪ 2023 സെപ്തംബറിൽ ഹെൽപ്പ് ഏജ് ഇന്റർനാഷണലിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി നിയമിതനായ മലയാളി

✔ ചെറിയാൻ മാത്യൂസ്

➪ 2023 സെപ്തംബറിൽ ആസ്ട്രേലിയയിലെ ഹൈക്കമ്മിഷണറായി നിയമിതനായത്

✔ ഗോപാൽ ബാഗ്‌ലേ

➪ കാർഷിക മേഖലയിലെ ഡാറ്റാ അധിഷ്ഠിത സംവിധാനങ്ങൾ വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നബാർഡുമായി സഹകരിക്കാൻ തീരുമാനിച്ച അന്താരാഷ്ട്ര സംഘടന

✔ യു.എൻ.ഡി.പി. (യുണൈറ്റഡ് നേഷൻസ് ഡെവലപ്മെന്റ് പ്രോഗ്രാം)

➪ ഏകദിന ക്രിക്കറ്റിൽ 2500 റൺസും 200 വിക്കറ്റും നേടുന്ന രണ്ടാമത്തെ ഇന്ത്യൻ താരം

✔ രവീന്ദ്ര ജഡേജ

- ഏകദിന ക്രിക്കറ്റിൽ 2500 റൺസും 200 വിക്കറ്റും നേടുന്ന ആദ്യത്തെ ഇന്ത്യൻ താരം കപിൽ ദേവാണ്.

➪ ഇന്ത്യൻ സൂപ്പർ ലീഗ് പത്താം സീസണിലെ ടീമുകളിൽ വിപണി മൂല്യത്തിൽ ഒന്നാം സ്ഥാനത്തെത്തിയത്

✔ മോഹൻ ബഗാൻ


CAREER GUIDANCE BUREAU

കരിയർ ഗൈഡൻസ് ബ്യൂറോ
ആറ്റിങ്ങൽ & തമ്പാനൂർ ✆ 8590 333 999